15 -ാം കേരള നിയമസഭ

10 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3444 — 15-02-2024 - ൽ മറുപടിയ്ക്ക്

## സ്കൂളുകളിൽ തസ്തിക നിർണ്ണയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്‌കൂളുകളിൽ തസ്തിക നിർണ്ണയം പൂർത്തിയാവാൻ ഉള്ള കാലതാമസത്തിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ; | (എ) | 2023-2024-ലെ അധിക തസ്തിക ഒഴികെയുള്ള തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ട്. പുതിയ ചട്ടഭേദഗതി വരുന്നത് വരെ അധിക തസ്തികകൾ അനുവദിക്കുന്നത് വിദ്യാഭ്യാസ ഓഫീസർമാരായിരുന്നു. എന്നാൽ നിലവിൽ വിവിധ ഘട്ടങ്ങളിലുള്ള പരിശോധനക്ക് ശേഷം, അധിക തസ്തികകൾക്ക് അനുമതി നൽകുന്നത് സർക്കാർ തലത്തിലാണ്. ഈ തരത്തിൽ വിവിധ ഘട്ടങ്ങളിലുള്ള പരിശോധനാ നടപടികൾ പൂർത്തീകരിക്കുന്നതിനാണ് കൂടുതൽ സമയം ആവശ്യമായി വരുന്നത്. അധിക തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച കാര്യം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ പരിശോധിക്കുന്നതാണ്. |
| (ബി) | തസ്തിക നിർണ്ണയ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്നും ആയത് പൂർത്തീകരിക്കാൻ എത്ര സമയം എടുക്കുമെന്നും വിശദമാക്കാമോ; | (ബി) | 2023-2024-ലെ അധിക തസ്തിക ഒഴികെയുള്ള തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ട്. പുതിയ ചട്ടഭേദഗതി വരുന്നത് വരെ അധിക തസ്തികകൾ അനുവദിക്കുന്നത് വിദ്യാഭ്യാസ ഓഫീസർമാരായിരുന്നു. എന്നാൽ നിലവിൽ വിവിധ ഘട്ടങ്ങളിലുള്ള പരിശോധനക്ക് ശേഷം, അധിക തസ്തികകൾക്ക് അനുമതി നൽകുന്നത് സർക്കാർ തലത്തിലാണ്. ഈ തരത്തിൽ വിവിധ ഘട്ടങ്ങളിലുള്ള പരിശോധനാ നടപടികൾ പൂർത്തീകരിക്കുന്നതിനാണ് കൂടുതൽ സമയം ആവശ്യമായി വരുന്നത്. അധിക തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച കാര്യം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ പരിശോധിക്കുന്നതാണ്. |
| (സി) | 2023 ജൂൺ മാസത്തിലെ ആറാം പ്രവർത്തി ദിവസത്തെ കണക്ക് പ്രകാരം എത്ര തസ്തികകൾ സംസ്ഥാനത്തെ സർക്കാർ പ്രൈമറി വിദ്യാലയങ്ങളിൽ നഷ്ടപ്പെട്ടിട്ടുണ്ട്; എൽ.പി.എസ്.ടി. | (സി) | സംസ്ഥാനത്തെ സർക്കാർ പ്രൈമറി സ്കൂളുകളിൽ നിന്നും 1199 അധ്യാപക-അനധ്യാപക തസ്തികകൾ നഷ്ടപ്പെട്ടിട്ടുണ്ട്. അതിൽ എൽ.പി.എസ്.റ്റി. |

| | | | |
|---|---|---|---|
| | തസ്തികകളുടെയും യു.പി.എസ്.ടി. തസ്തികകളുടെയും എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ? | | തസ്തികകളുടെയും യു.പി.എസ്.റ്റി. തസ്തികകളുടെയും ജില്ല തിരിച്ച എണ്ണം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | ജില്ല | യു.പി.എസ്.റ്റി. | എൽ.പി.എസ്.റ്റി. | ആകെ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 71 | 117 | 188 |
| 2 | കൊല്ലം | 39 | 79 | 118 |
| 3 | പത്തനംതിട്ട | 2 | 6 | 8 |
| 4 | ആലപ്പുഴ | 23 | 34 | 57 |
| 5 | കോട്ടയം | 1 | 10 | 11 |
| 6 | ഇടുക്കി | 3 | 9 | 12 |
| 7 | എറണാകുളം | 11 | 28 | 39 |
| 8 | തൃശ്ശൂർ | 26 | 31 | 57 |
| 9 | പാലക്കാട് | 28 | 48 | 76 |
| 10 | മലപ്പുറം | 39 | 102 | 141 |
| 11 | കോഴിക്കോട് | 28 | 60 | 88 |
| 12 | വയനാട് | 16 | 30 | 46 |
| 13 | കണ്ണൂർ | 18 | 38 | 56 |
| 14 | കാസർഗോഡ് | 23 | 42 | 65 |
| **ആകെ** | | **328** | **634** | **962** |

**സെക്ഷൻ ഓഫീസർ**